എൻട്രൻസ് പരീക്ഷയുടെ മാർക്കിനോടൊപ്പം പ്ളസ്ടു പരീക്ഷയുടെ മാർക്കുകൂടി പരിഗണിക്കൽ

160 [780] ശ്രീ. ജോർജ് ജെ. മാത്യു:

,, പി. ടി. തോമസ്:

,, ടി. വി. ചന്ദ്രമോഹൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിനുള്ള കൗൺസിലിംഗിൽ എൻട്രൻസ് മാർക്കിനോടൊപ്പം പ്ളസ്ടു പരീക്ഷയുടെ മാർക്കുകൂടി പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണ്;

(സി) എൻട്രൻസ് പരീക്ഷ ഏർപ്പെടുത്തിയ സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്ളസ്ടു പരീക്ഷയുടെ മാർക്ക് പരിഗണിക്കുന്നില്ല. എന്നാൽ യോഗ്യത നിർണ്ണയിക്കുന്നതിന് പ്ളസ്ടു പരീക്ഷയുടെ മാർക്ക് പരിഗണിക്കുന്നുണ്ട്.

(ബി) എഞ്ചിനീയറിംഗിന് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് മൊത്തം 50% മാർക്കും മാത്തമാറ്റിക്സിന് 50% മാർക്കും യോഗ്യതാ പരീക്ഷയിൽ നേടിയിരിക്കണം. മെഡിക്കൽ വിഭാഗത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് 50% മാർക്കും, ബയോളജിക്ക് 50% മാർക്കും വേണം. എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 5% മാർക്കിളവ് ഉണ്ട്. പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പരീക്ഷ പാസ്സായാൽ മതി.

(സി) യോഗ്യതാ പരീക്ഷയായിരുന്ന പ്രീ-ഡിഗ്രിയുടെ മാർക്ക് ലിസ്റ്റിൽ തിരിമറി നടത്തി പലരും പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം നേടിയെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് 1981-82 അദ്ധ്യയന വർഷം എം. ബി. ബി. എസ്., ബി. ഡി. എസ്., ബി. ഫാം, ബി. എച്ച്. എം. എസ്. എന്നീ കോഴ്സുകളിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ പ്രവേശന പരീക്ഷ നടത്തിയത്. 1982-83 വർഷം എഞ്ചിനീയറിംഗ് വിഭാഗത്തിൽ കൂടി, ഐ. എം. ജി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

മേൽനോട്ടത്തിൽ പ്രവേശന പരീക്ഷ നടത്തി. 19-2-1983-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ജി. ഒ. (എം.എസ്.) 31/83 നമ്പർ ഉത്തരവ് പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷ നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ഇതിനായി പ്രവേശന പരീക്ഷാ കമ്മീഷണറെ നിയമിക്കുകയും ചെയ്തു. 1983 മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഈ പരീക്ഷ നടത്തിവരുന്നു.

എഞ്ചിനീയറിംഗ് എൻട്രൻസ്--നിശ്ചിതമാർക്ക് ലഭിക്കാത്തവരെ ഡിസ്ക്വാളിഫൈ ചെയ്യുന്നതും ഒഴിവാക്കുന്നതുമായ നടപടി

161 [781] ശ്രീ. കെ. എ. ചന്ദ്രൻ:

„ ഇ. എം. അഗസ്തി:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. സി. വേണുഗോപാൽ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ഒരു നിശ്ചിത മാർക്ക് ലഭിക്കാത്തവരെ ഡിസ്ക്വാളിഫൈ ചെയ്യാറുണ്ടോ;

(ബി) ഇപ്രകാരം ഡിസ്ക്വാളിഫൈ ചെയ്യുമെന്ന് പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിരുന്നുവോ;

(സി) പ്രോസ്പെക്ടസിൽ പറയാതെ ഇപ്രകാരം ചെയ്യുന്നത് എന്തുകൊണ്ടാണ്;

(ഡി) ഏതു വർഷം മുതലാണ് ഇപ്രകാരം പരീക്ഷാർത്ഥികളെ ഡിസ്ക്വാളിഫൈ ചെയ്യാൻ തുടങ്ങിയത്;

(ഇ) കഴിഞ്ഞ വർഷം ഡിസ്ക്വാളിഫൈ ചെയ്തവരെ അതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ വർഷവും അപ്രകാരം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യക്തമാക്കിയിരുന്നു.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly